**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1808** **09-12-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ ''പൊലിമ'' പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിൽ കുടുംബശ്രീ , അയൽക്കൂട്ടങ്ങൾ എന്നിവ വഴി കൃഷി, തദ്ദേശസ്വയംഭരണം ,സഹകരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന "പൊലിമ" പുതുക്കാട് കാർഷിക പദ്ധതിയുടെ നടത്തിപ്പിനായി പച്ചക്കറി തൈകൾ, വിത്തുകൾ, വളങ്ങൾ, എന്നിവ പ്രത്യേകമായി അനുവദിക്കുന്നതിനും പ്രത്യേകമായി ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (എ) | കൃഷി വകുപ്പിന്റെ നിലവിലുള്ള പച്ചക്കറി വികസന പദ്ധതി പുതുക്കാട് കാർഷിക വികസന പദ്ധതിയായ പൊലിമയുമായി സംയോജിപ്പിച്ച് പച്ചക്കറി തൈകളും വിത്തുകളും വിതരണം ചെയ്തിട്ടുണ്ട്. തൈകൾക്കായി 88000 രൂപയും വിത്തിനായി 109500 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ പൊലിമ പദ്ധതിയ്ക്കായി നിലവിൽ പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ